പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3596 10/04/2013-ൽ മറുപടിയ്ക്ക്

## കൃഷിഭവനും ഭൂവുടമകളും ചേർന്നുള്ള കരാർ കൃഷി പദ്ധതി

ചോദ്യം

ശ്രീ. വി. ചെന്താമരാക്ഷൻ
,, ബി. സത്യൻ
,, സി. കൃഷ്ണൻ
,, എ. എം. ആരിഫ്

മറുപടി

**കെ.പി.മോഹനൻ**
(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)

| | |
|---|---|
| എ) കൃഷിഭവനും ഭൂവുടമകളും ചേർന്നുള്ള കരാർ കൃഷി പദ്ധതിയുടെ ലക്ഷ്യവും നേട്ടവും സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ നിക്ഷേപ പ്രയോജന വിശകലനം വെളിപ്പെടു- ത്താമോ; | എ) പരിശോധിച്ചിട്ടുണ്ട്. കരാർ കൃഷി പദ്ധതിക്ക് തരിശു ഭൂമി നെൽകൃഷി വികസന പദ്ധതിയേക്കാൾ ഏറെ നേട്ടം കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. കരാർ കൃഷി അനുസരിച്ച് സ്വന്തമായി ഭൂമിയില്ലാത്തവന് തരിശു ഭൂമി കൃഷിയോഗ്യമാക്കി നെൽകൃഷി ഉടമയുടെ ഭൂമിയിൽ ചെയ്യാൻ സാധിക്കുന്നു. ഹെക്ടറിന് 25,000 രൂപ കൃഷി ചെയ്യുന്ന ആൾക്ക് ലഭിക്കുന്നതിനാൽ കൂടുതൽ തരിശുഭൂമി കൃഷിയോഗ്യമാക്കുവാൻ സാധിക്കുന്നു. ഭൂവുടമയ്ക്ക് വർഷങ്ങളായി തരിശുകിടക്കുന്ന സ്ഥലം കൃഷിയോഗ്യമാക്കാനും സാധിക്കുന്നതോ- ടൊപ്പം പാട്ടതുക എന്ന നിലയിൽ ഹെക്ടറിന് 5,000/- രൂപ ലഭ്യമാകുകയും ചെയ്യുന്നു. ഈ രീതിയിൽ 2012-13 വർഷം 1102 ഹെക്ടർ തരിശുഭൂമി കൃഷിയോഗ്യമാക്കാൻ സാധിയ്ക്കുകയും ഉല്പാദനവും, ഉല്പാദനക്ഷമതയും വർദ്ധിപ്പിയ്ക്കാൻ സാധിയ്ക്കുകയുണ്ടായി. ഇതിനായി 2012-13 വർഷം 225.3 ലക്ഷം രൂപ ചിലവഴിക്കുകയുണ്ടായി. ഉദ്ദേശം 3400 MT ഓളം ഉല്പാദനം ലഭ്യമായിട്ടുണ്ട്. |
| ബി) എത്ര കൃഷി ഭവനുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്; അവയിൽ എത്ര കൃഷി ഭവനുകൾ എത്ര ഭുവുടമകളുമായി എത്ര കരാറുകളിൽ ഏർപ്പെടുകയുണ്ടായി എന്ന കണക്കുകൾ ലഭ്യമാക്കാമോ; | ബി) 1076 കൃഷിഭവനുകൾ സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്നുണ്ട്. ഇതിൽ 435 കൃഷിഭവനുകളിലായി 9902 ഭൂവുടമകളുമായി കരാറുകളിൽ ഏർപ്പെടുകയുണ്ടായി. |

സി) ഇതിനായി തയ്യാറാക്കപ്പെട്ട സ്കീം നടപ്പി ലാക്കാൻ 2011-12, 2012-13, 2013-14 എന്നീ വർഷങ്ങളിലെ ബജറ്റ് അടങ്കലും ചെലവും സംബന്ധിച്ച് വിശദമാക്കാമോ?

സി)

| വർഷം | വിസ്തീർണ്ണം (ഹെക്ടർ) | ബഡ്ജറ്റ് അടങ്കൽ (ലക്ഷം) |
|---|---|---|
| 2011-12 | ഇല്ല | - |
| 2012-13 | 1102 | 225.3 |

2013-14 ലേക്ക് പ്രത്യേകമായി തുക വരുത്തിയിട്ടില്ല. ആർ.കെ.വി.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി ഈ പരിപാടി 2013-14 സാമ്പത്തിക വർഷവും തുടരുന്നതാണ്.

സെക്ഷൻ ഓഫീസർ